പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3026 **29-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാന സ്കൂൾ ഒളിംപിക്സ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) മികച്ച രീതിയിൽ സംഘടിപ്പിച്ചു വന്നിരുന്ന സംസ്ഥാന സ്കൂൾ ഒളിംപിക്സിന്റെ സംഘടന രീതി ഈ വർഷം പൂർണ്ണമായും മാറ്റിയിരുന്നോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംഘാടന രീതി ഈ വർഷം മാറ്റിയിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ നടത്തിയ ഇനങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗുരുതരമായ സംഘടനാ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

മറുപടി: സംഘാടനത്തിൽ പിഴവ് സംഭവിച്ചിട്ടില്ല.

(സി) പ്രസ്തുത ഇനങ്ങളിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥിനികൾക്ക് മുൻ വർഷങ്ങളിൽ സ്കൂൾ ഒളിംപ്സിൽ ഒരുക്കുന്നതിന് സമാനമായി ഭക്ഷണവും താമസവും ഒരുക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

മറുപടി: തൃശ്ശൂരിൽ 30/09/2026 മുതൽ 04/10/2026 വരെ നടന്നത് ഗ്രൂപ്പ് എട്ട് അക്വാട്ടിക് മത്സരങ്ങളാണ്. സ്കൂൾ ഒളിമ്പിക്സിന്റെ ഭാഗമായുള്ള മത്സരങ്ങളല്ല. ഈ മത്സരങ്ങൾക്ക് മുൻ വർഷങ്ങളിൽ ചെയ്തിരുന്ന പോലെ ഫുഡ് അലവൻസും താമസ സൗകര്യവും നൽകിയിരുന്നു.

(ഡി) മത്സര വേദിയിൽ അപകടം സംഭവിച്ചത് ഉൾപ്പെടെ ഗുരുതരമായ സംഘാടന പിഴവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ശക്തമായ കാറ്റിലും മഴയിലും പ്പെട്ടാണ് താൽക്കാലിക പന്തലിന്റെ മേൽക്കൂരയിലെ ഷീറ്റുകൾ താഴെ വീണത്. ഇക്കാര്യത്തിൽ സംഘാടന പിഴവ് വന്നിട്ടുണ്ടോ എന്നുള്ള വിഷയം പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ